# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-2312 10.10.2011-ൽ മറുപടിക്ക്

## യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കർമ്മ പരിപാടി

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | കുമാരി പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവശക്തി പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് യൂത്ത് സെന്ററുകൾ, യൂത്ത് ക്ലബ്ബുകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവ മുഖേന സ്വയം തൊഴിൽ പരിശീലനത്തിനായും, സ്വയം തൊഴിൽ സംരംഭത്തിനായും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മത്സര പരീക്ഷാ പരിശീലന പദ്ധതികളും കരിയർ ഗൈഡൻസ് പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ, വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ യുവതീ-യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വിവിധ കമ്പനികളെ പങ്കെടുപ്പിച്ചുകൊണ്ട് ജോബ്ഫെസ്റ്റും സംഘടിപ്പിക്കാറുണ്ട്; |
| (ബി) ഇതിനായി യുവജന നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഉണ്ട്. ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കിയ കരട് മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു; |
| (സി) യുവജന നയം നടപ്പാക്കുന്നതിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) വിശദമായ ചർച്ചകൾക്കുശേഷം മാത്രമേ യുവജനനയം നടപ്പാക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ